## പഠനത്തിനായി പാതയൊരുക്കാം

# മുന്നേറാം

സ്റ്റാൻഡേർഡ് 5

## മലയാളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) കേരളം

# ആമുഖം

മാനവരാശി അത്യപൂർവമായി അഭിമുഖീകരിക്കേണ്ടിവന്ന മഹാമാരികളിൽ ഒന്നാണല്ലോ കോവിഡ് 19. ഇതിന്റെ പശ്ചാത്തലത്തിൽ രണ്ടു വർഷത്തോളം സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാവുകയും ഔപചാരിക പഠനപ്രവർത്തനങ്ങൾക്ക് പ്രതിബന്ധം ഉണ്ടാവുകയും ചെയ്തു. സ്കൂളുകൾ അടച്ചിട്ടതുമൂലം ഓരോ പ്രായത്തിലും ഉള്ള കുട്ടികൾക്ക് ലഭിക്കേണ്ട സാമൂഹിക, വൈകാരിക, ബൗദ്ധിക തലങ്ങളിലെ വികാസത്തിനുള്ള അനുഭവങ്ങൾ ലഭിക്കാതെ പോയിട്ടുണ്ട്. എങ്കിലും ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും കഴിയാത്തവിധം ഡിജിറ്റൽ ക്ലാസുകൾ ഉറപ്പാക്കി ഇതിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തി, കേരളം ലോകത്തിന് തന്നെ മാതൃകയായി. കോവിഡ് 19 മൂലം കുട്ടികളിൽ പൊതുവായി കാണുന്ന സാമൂഹിക വൈകാരിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതോടൊപ്പം കുട്ടികൾക്ക് ഉണ്ടായ പഠന വിടവുകളും അതുമൂലം ഉണ്ടായ പഠനപ്രയാസങ്ങളും കണ്ടെത്തി കൈത്താങ്ങ് നൽകേണ്ടതുണ്ട്. അതിനായിട്ടാണ് ഈ പ്രവർത്തനസഞ്ചയം പ്രസിദ്ധീകരിക്കുന്നത്. ഓരോ പ്രായഘട്ടത്തിലും കുട്ടികൾ ആർജിച്ചിരിക്കേണ്ട അനുഭവതലവും അതിനായി ഉണ്ടാകേണ്ട അടിസ്ഥാനധാരണകളും നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തിയാണ് ഇത് തയ്യാറാക്കിയിരി ക്കുന്നത്. കുട്ടികളുടെ ചിന്താപ്രക്രിയയും വിശകലനശേഷിയും സ്വാധീനി ക്കുന്നവിധം വിവിധ മുന്നറിവുകൾ ഉപയോഗിച്ച് ബൗദ്ധികവികാസവും അതുവഴി ഭാഷാവി കാസവും പരിപോഷിപ്പിക്കാനുള്ള ഒരു പദ്ധതിക്കാണ് ഇതിലൂടെ തുടക്കമിടുന്നത്.

**ഡയറക്ടർ**

**അധ്യാപകരോട്...**

വൈവിധ്യമാർന്ന ശേഷികളും ആശയ ധാരണകളും നേടുന്നതിന് അനുഗുണമായ വിധത്തിലുള്ള സർഗാത്മക പുനരനുഭവപ്രവർത്തനങ്ങൾ ആയാണ് ഈ കൈപ്പുസ്തകം തയാറാക്കിയിരിക്കുന്നത്. അതോടൊപ്പം ആവശ്യമെങ്കിൽ മുൻകാലത്ത് ലഭ്യമാക്കിയിട്ടുള്ള എന്റെ മലയാളം, നവപ്രഭ, ശ്രദ്ധ തുടങ്ങിയ പഠന സാമഗ്രികളിലെ പ്രവർത്തനങ്ങളും യഥോചിതം പ്രയോജനപ്പെടുത്താവുന്നതാണ്. മറ്റ് താഴ്ന്ന ക്ലാസുകൾക്കായി നല്കിയിട്ടുള്ള ചില പ്രവർത്തനങ്ങളും ആവശ്യമെങ്കിൽ ഭാഷാശേഷീവികസനത്തിനായി ഉപയോഗിക്കാവു ന്നതാണ്.

യു.പി, ഹൈസ്കൂൾ തലങ്ങളിൽ അടിസ്ഥാനപാഠാവലി ആധാരമാക്കിയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളതെങ്കിലും കേരളപാഠാവലിയുടെ ക്ലാസ്റൂം പ്രവർത്തന ങ്ങൾക്കു കൂടി അനുയോജ്യമായ രീതിയിൽ ഇതിലെ പ്രവർത്തനങ്ങളുടെ ഉള്ളടക്കത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രയോജനപ്പെടുത്താവുന്നതാണ്.

കുട്ടികളുടെ വിവിധങ്ങളായ പഠനപ്രശ്നങ്ങളും പഠനവിടവുകളും പരിഹരിക്കുന്ന തിന് ശിശുകേന്ദ്രീകൃതവും പ്രക്രിയാധിഷ്ഠിതവും ജ്ഞാനനിർമിതി സങ്കൽപ്പത്തിന് ഇണങ്ങുന്നതും നിരന്തരവിലയിരുത്തൽ സാധ്യതകൾ പരിഗണിക്കുന്നതുമായ പഠനരീതി യും സമീപനവുമാണ് സ്വീകരിക്കേണ്ടത്. വൈവിധ്യപൂർണമായ പഠനാനുഭവങ്ങളാണ് ഇതിനായി ആസൂത്രണം ചെയ്യേണ്ടത്. വൈകാരികമുഹൂർത്തങ്ങൾ, രസകരമായ സംഭവങ്ങൾ, നാടകീയതയുള്ള രംഗങ്ങൾ, കൗതുകം ഉണർത്തുന്ന കാര്യങ്ങൾ, ഭാവന ഉണർത്തുന്ന ഉള്ളടക്കം, താളാത്മകമായ ഭാഷ, ആകർഷകമായ അവതരണം ഇതെല്ലാം കുട്ടികൾക്ക് നൽകുന്ന പഠനപ്രവർത്തനങ്ങൾക്ക് ഉണ്ടായിരിക്കേണ്ട സവിശേഷതകളാണ്.

കുട്ടികൾക്ക് താല്പര്യമുള്ള പാട്ടുകൾ, ദൃശ്യങ്ങൾ, സിനിമാഭാഗങ്ങൾ/ഗാനങ്ങൾ, ഷോർട്ട് ഫിലിമുകൾ, നാടൻപാട്ടുകൾ, കലാകായിക പരിപാടികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ആഡിയോ, വീഡിയോ പഠനസാമഗ്രികൾ മുതലായവ സർഗാത്മകമായി ക്ലാസിൽ പ്രയോജനപ്പെടുത്തണം. ടീച്ചറുടെ നിരന്തരവിലയിരുത്തലിനും ഒപ്പംതന്നെ സ്വന്തം പുരോഗതി സ്വയംവിലയിരുത്താനും കുട്ടിക്കും അവസരം ലഭിക്കണം. ഉള്ളടക്കപരമായി ഉണ്ടായ വിടവ് നികത്തുന്നതിന് വേണ്ടി പാഠഭാഗങ്ങളെ കൂടുതൽ വൈവിധ്യപൂർണമായ സാമഗ്രികൾ ഉപയോഗിച്ച് വിശകലനം ചെയ്യുന്നതിന് ഉതകുന്ന മികച്ച പുനരനുഭവങ്ങളും നൽകണം.

ഏറെ പിന്നാക്കം നിൽക്കുന്നവരെ ക്രമേണ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കാൻ അധ്യാപകർ ശ്രമിക്കണം. അതിന് ക്ലാസ്റൂം അന്തരീക്ഷം പ്രചോദനാത്മകവും പ്രോത്സാഹ ജനകവും ആകണം. കുട്ടികളുടെ ഭാഷയും ഭാവനയും സർഗാത്മകതയും വികസിക്കുന്ന വിധത്തിലുള്ള ഊർജസ്വലമായ അന്തരീക്ഷം ക്ലാസിലുണ്ടാവണം. എല്ലാ കുട്ടികൾക്കും വ്യക്തിഗതമായ ശ്രദ്ധ ലഭിക്കുന്നു എന്ന് പ്രത്യേകം ഉറപ്പുവരുത്തുകയും വേണം. അധ്യാപകന്റെ ഭാഷയിലും പെരുമാറ്റത്തിലും ഇടപഴകലിലും പിന്തുണയിലും എല്ലാം സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും വൈകാരികതലം കുട്ടിക്ക് അനുഭവപ്പെടണം.

അധ്യാപകന്റെ ബോർഡ് എഴുത്തും ചാർട്ട് എഴുത്തും മാതൃകാപരമാവണം. പാഠ പുസ്തകത്തിലെ ലിപി തന്നെ ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത് നന്നായിരിക്കും. ഓരോ ടീച്ചറും പഴയതും പുതിയതുമായ ലിപികൾ ഇടകലർത്തി ഉപയോഗിക്കുന്നത് കുട്ടികൾക്ക് വലിയ ആശയക്കുഴപ്പം ഉണ്ടാക്കുന്നുണ്ട്. അത് കുട്ടിയുടെ എഴുത്തിലെ പിഴവുകൾക്ക് കാരണമാവുന്നുണ്ട് എന്ന് നാം തിരിച്ചറിയണം. ഓരോ കുട്ടിയുടെയും പഠനവേഗം, ശൈലി എന്നിവ വ്യത്യസ്തമാണ് എന്ന തിരിച്ചറിവ് എപ്പോഴും അധ്യാപകർക്ക് ഉണ്ടാവണം. ക്ഷമയോടുകൂടി അത്തരം സാഹചര്യങ്ങളെ മറികടക്കാൻ ശ്രമിക്കണം. കുട്ടിക്ക് കൂടുതൽ ഊർജവും ആത്മവിശ്വാസവും പകരണം. കുട്ടിയുടെ ഭാഷാപരമായ മികവുകളും പോരായ്മകളും മനസ്സിലാക്കി സഹായിക്കേണ്ടത് എങ്ങനെയെന്ന് രക്ഷിതാവിന് തിരിച്ചറിയാൻ കഴിയണം. കുട്ടിക്ക് വീട്ടിൽ ഒരുക്കേണ്ട വായനാനുഭവം, എഴുത്തനുഭവം, അവ മെച്ചപ്പെടുത്താനുള്ള എഡിറ്റിംഗ് എന്നിവ സംബന്ധിച്ച് ക്ലാസ് പി.ടി.എ, ഗൃഹ സമ്പർക്കം തുടങ്ങിയ സന്ദർഭങ്ങളിൽ രക്ഷിതാക്കൾക്ക് പ്രായോഗികധാരണ നൽകണം. ഭിന്നശേഷി കുട്ടികൾക്കായുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ ഓരോ കുട്ടിക്കും അനു യോജ്യമായ വിധത്തിൽ വ്യക്തിഗത സവിശേഷതകൾ കൂടി പരിഗണിച്ചാണ് വിനിമയം ചെയ്യേണ്ടത്. ഇതിനായി റിസോഴ്സ് അധ്യാപകരുമായിച്ചേർന്ന് പ്രത്യേക ആസൂത്രണം നട ത്തേണ്ടതാണ്.

വാചിക, ലിഖിത പ്രകടനങ്ങളിൽ ആത്മവിശ്വാസം വളരുന്നതിനായി കൂട്ടായി വായി ക്കാനും എഴുതാനുമുള്ള അവസരങ്ങൾ ക്ലാസിൽ ഒരുക്കണം. അതിനൊപ്പം പരസ്പരം വിലയിരുത്താനും പരസ്പരം സഹായിച്ച് മെച്ചപ്പെടുത്താനുമുള്ള മനോഭാവവും കുട്ടികളിൽ സൃഷ്ടിക്കണം.

പഠനപ്രയാസമനുഭവിക്കുന്ന കുട്ടികളുടെ എഴുത്തുപുസ്തകം കഴിയുന്നതും എല്ലാ ദിവസവും ടീച്ചർ വിലയിരുത്തുകയും ആവശ്യമായ പിന്തുണകൾ നൽകുകയും ചെയ്യണം. അവരുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന നേരിയ പുരോഗതി പോലും പ്രത്യേകം എടുത്തുപറഞ്ഞു അഭിനന്ദിക്കണം. നോട്ടുപുസ്തകത്തിൽ അഭിനന്ദനവാക്യങ്ങൾ, നക്ഷത്ര ചിഹ്നങ്ങൾ പോലെയുള്ള പ്രോത്സാഹനമുദ്രകൾ എന്നിവയും രേഖപ്പെടുത്തുന്നത് ഏറെ പ്രചോദനം നൽകും.

ഈ ഭാഗം അഞ്ചാം ക്ലാസിലെ കുട്ടികൾക്കായിട്ടുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളു ന്നതാണ്. ഇതിലെ പ്രവർത്തനങ്ങൾ മാതൃകയായി കണ്ടുകൊണ്ട് ഓരോ പ്രദേശത്തിനും കുട്ടികളുടെ നിലവാരത്തിനും അനുസരിച്ച് അധ്യാപകർ പഠനപ്രവർത്തനങ്ങൾ ആസൂത്രണംചെയ്തു നടപ്പിലാക്കേണ്ടതാണ്. അഞ്ചാംക്ലാസിലെ വായന, ലേഖനം എന്നിവയ്ക്ക് പുറമേ വ്യവഹാരരൂപങ്ങൾക്കും ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങളാണ് വികസിപ്പിച്ചിട്ടുള്ളത്. വ്യവഹാരരൂപങ്ങൾക്ക് പ്രാധാന്യം നൽകുകയും അവയുടെ ഘടന, സ്വരൂപം, ഓരോ തലത്തിനും അനുസരിച്ച് നിശ്ചയിക്കുകയും ചെയ്യുന്ന ചില മാതൃകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മികച്ച ഭാഷാമാതൃകകൾ കേൾക്കുന്നതിന് അവസരംനൽകുന്ന രീതിയിലാണ് ഇത് ചെയ്തിരിക്കുന്നത്. വായന, സ്വതന്ത്രവായന, എന്നിവയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങളും ഇതിൽ നൽകിയിട്ടുണ്ട്. ലേഖനവുമായി ബന്ധപ്പെട്ട് എഡിറ്റിംഗ് ഉറപ്പാക്കുകയും ഇതുവഴി കുട്ടികളുടെ തെറ്റുകൾ സ്വയം തിരുത്തുന്നതിനുള്ള മാർഗങ്ങൾ ഇതിൽ നൽകിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ കുട്ടികൾക്ക് ആശയാവ തരണരീതിയിൽ അക്ഷരം ഉറപ്പിക്കുന്നതിന് ചില ജൈവപാഠങ്ങളും പ്രയോജനപ്പെടുത്തി യിട്ടുണ്ട്. അക്ഷരതലത്തിലും പദതലത്തിലുമുള്ള പഠനപ്രയാസങ്ങൾ യു.പി തലത്തിലെ കുട്ടികളിൽ കണ്ടെത്തുന്നതിനും ഭാഷാപരമായ പഠനവിടവുകളും പ്രയാസങ്ങളും പരിഹരിക്കുന്നതിനും എല്ലാ അധ്യാപകരുടെയും ആത്മാർഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

## ക്ലാസ് 5
## മലയാളം

(അടിസ്ഥാനപാഠാവലി യൂണിറ്റ് 2, പ്രകാശം പരത്തുന്നവർ ആരംഭിക്കുന്നിടത്തോ തുടർച്ചയിലോ ഈ പ്രവർത്തനം നടത്താവുന്നതാണ്)

### പ്രവർത്തനം 1

### വാങ്മയചിത്രങ്ങൾ കണ്ടു രസിക്കാം, പറയാം

**ശേഷികൾ/ധാരണകൾ**

- കവിതകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്
- വായിച്ച് ആശയങ്ങൾ മനസ്സിലാക്കാനും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാനും
- വാക്കുകൾകൊണ്ട് ഒരാളുടെ രൂപം, ഭാവം, അവതരിപ്പിക്കുന്നതിന്

ചാർട്ടിലെഴുതിയ ഒരു കുട്ടിക്കവിത അധ്യാപികയും കുട്ടികളും കൂടി ആസ്വദിച്ചു പാടുന്നു.

ആന വരുന്നു ആന വരുന്നു
വമ്പൻപാറ നടന്നുവരുന്നു
തത്തക്കം പിത്തക്കം ആന വരുന്നു
ആമ വരുന്നു ആമ വരുന്നു
കുഞ്ഞുൻപാറ നിരങ്ങിവരുനനു
തതരം പിതരം ആമ വരുന്നു.

പാട്ട് അഭിനയിച്ചു പാടാൻ അധ്യാപിക നിർദേശിക്കുന്നു. തുടർന്ന് അധ്യാപിക ഓരോ കുട്ടിയോടും അവരുടെ കൂട്ടുകാരന്റെ ഗുണങ്ങൾ പറയാനാവശ്യപ്പെടുന്നു. അധ്യാപികയും ഒപ്പം ചേരുന്നു.

ടീച്ചർ മറ്റൊരു കവിതാഭാഗം (ചാർട്ട്/പി.പി.റ്റി) അവതരിപ്പിക്കുന്നു.

മുൻവരിപ്പല്ലു പൊയ്പ്പോയ
മോണകാട്ടിച്ചിരിച്ചൊരാൾ
ചമ്രം പടിഞ്ഞിരിക്കുന്ന
പടം നീ കണ്ടതില്ലയോ
– വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

- ഈ വരികളിൽ കവി വർണ്ണിക്കുന്നത് ആരെയാണ്?
- ഗാന്ധിജിയുടെ ചിരിയും ഇരിപ്പും കവി വർണിച്ചിരിക്കുന്നത് എങ്ങനെ?

കുട്ടികൾ പ്രതികരിക്കുന്നു.

(ചർക്കയിൽ നൂൽ നൂൽക്കുന്ന ഗാന്ധിജിയുടെ ചിത്രം പ്രദർശിപ്പിക്കുന്നു)




അധ്യാപിക ചോദ്യങ്ങൾ ചോദിക്കുന്നു.

- ഗാന്ധിജിയുടെ വേഷത്തിന്റെ പ്രത്യേകത എന്താണ്?
- ഗാന്ധിജിയപ്പൂപ്പൻ ചിരി കാണുമ്പോൾ നിങ്ങൾക്ക് എന്താണ് തോന്നുന്നത്?
- ചിത്രത്തിൽ നിന്ന് ഗാന്ധിജിയുടെ രൂപം, ഭാവം തുടങ്ങിയവയെപ്പറ്റി കൂടുതൽ കാര്യങ്ങൾ കണ്ടെത്തിപ്പറയാമോ?
- കുട്ടികൾ പറയുന്നവ ടീച്ചർ ബോർഡിൽ കുറിക്കുന്നു.
- തുടർന്ന് പദസൂര്യൻ തയാറാക്കട്ടെ.

**പ്രവർത്തനകാർഡ് 1 A**

**പദസൂര്യൻ നിർമിക്കാം**




ഏതാനും പേരുടെ അവതരണം - ചർച്ച

**പ്രവർത്തനകാർഡ് 1 B**

| |
|---|
| ഗാന്ധിജിയുടെ വർണ്ണചിത്രം തയാറാക്കുക |

രചനകൾ കുട്ടികൾ കൈമാറി വായിക്കുന്നു. പരസ്പരം മെച്ചപ്പെടുത്തുന്നു.

**വാങ്മയചിത്രം**

*വാക്കുകൾ കൊണ്ട് ഒരാളുടെ ഒരു പ്രദേശത്തിന്റെ, സംഭവത്തിന്റെരൂപം/ഭാവം അവതരിപ്പിക്കുന്നത്. വായിക്കുന്നവർക്ക്ചിത്രത്തിൽ കാണുന്നതുപോലുള്ള പ്രതീതി ഉണ്ടാക്കുന്നു.*

**തുടർപ്രവർത്തനം**

**പ്രവർത്തനകാർഡ് 1 C**

(അടിസ്ഥാനപാഠാവലിയിലെ 'മരണമില്ലാത്ത മനുഷ്യർ' എന്ന പാഠഭാഗത്തിലെ കുട്ടിരാമമേനോൻ മാസ്റ്ററുടെ വാങ്മയ ചിത്രം തയാറാക്കുക)

**പ്രവർത്തനം 2**

**കവിത വായിക്കാം കണ്ടെത്താം**

**ശേഷികൾ/ധാരണകൾ**

- ആശയവ്യക്തതയോടെയും ഒഴുക്കോടെയും വായിച്ച് ആശയങ്ങൾ സ്വാംശീകരിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നു.
- അധ്യാപിക ചാർട്ടിൽ എഴുതിയ ഒരു കവിത അവതരിപ്പിക്കുന്നു.

**ചോണന്റെകാഴ്ചകൾ**

ചോണനുറുമ്പിനു വഴിയിൽകാണും
കല്ലൊരു പർവതമാകുന്നു.
വലിയൊരു തുമ്പപ്പൂച്ചെടി, മാനം
മുട്ടണമാമരമാകുന്നു.
തൊട്ടാവാടികൾ പിടികിട്ടാത്തൊരു
ഘോരവനാന്തരമാകുന്നു.
വെള്ളംകെട്ടിനിറുത്തിയവയലോ?
വലിയൊരുസാഗരമാകുന്നു.
കറുകപ്പുല്ലിൻ തളിരതിനാടാൻ
പറ്റിയൊരൂഞ്ഞാലാകുന്നു.
മുക്കുറ്റിപ്പൂവിതളുകൾ സ്വർണം
പൂശിയചുവരുകളാകുന്നു.
കരിവണ്ടൊന്നിനെ വഴിയിൽക്കണ്ടാ-
ലതുകാണ്ടാമൃഗമാകുന്നു. *പി. മധുസൂദനൻ*

അധ്യാപികയുടെ ആശയഗ്രഹണ ചോദ്യങ്ങൾക്ക് കുട്ടികൾ വാചികമായി പ്രതികരിക്കുന്നു.

1. ചോണനുറുമ്പ് വഴിയിൽ ആരെയൊക്കെയാണ് കണ്ടത്?
2. വഴിയിൽകണ്ട പർവതം ചോണനുറുമ്പിന് എന്തുപോലെയാണ് തോന്നിയത്?
3. ചോണനുറുമ്പിന് തൊട്ടാവാടികൾ എങ്ങനെയാണ് അനുഭവപ്പെടുന്നത്?
4. ചോണനുറുമ്പിന് വലിയൊരു സാഗരമായി തോന്നിയത് എന്താണ്?
5. കറുകപ്പുല്ലിന്റെ തളിര് എന്തിനു കൊള്ളാമെന്നാണ് ഉറുമ്പിനു തോന്നിയത്?
6. സ്വർണം പൂശിയചുവരുകൾ എന്ന് എന്തിനെയാണ് കവി വിശേഷിപ്പിക്കുന്നത്?
7. കരിവണ്ടിനെ എന്തായാണ് ചോണനുറുമ്പിന് തോന്നിയത്?

ചോണൻ കണ്ട കാഴ്ചകൾ കുട്ടികളോട് പറയാനാവശ്യപ്പെടുന്നു.

പറയുന്ന കാര്യങ്ങൾ ടീച്ചർ ബോർഡിൽ/ചാർട്ടിൽ ക്രോഡീകരിക്കുന്നു.

കുട്ടികൾ വായിക്കുന്നു. നോട്ടുബുക്കിലെഴുതുന്നു.

തുടർന്ന് കുട്ടികളുടെ ബുക്കിൽ ഇതേ മാതൃകയിൽ അക്ഷരപ്പെട്ടി, സ്വരപ്പെട്ടി, പദപ്പെട്ടി വരയ്ക്കുന്നു. എഴുതുന്നു.

**പ്രവർത്തനകാർഡ് 2 എ**

അക്ഷരപ്പെട്ടി

***ന ത ന്ത ശ് ഗ പ്പ***
***മ സ മ്പ ച വ ര***
***ക ണ്ട***

സ്വരപ്പെട്ടി

***ു ൂ ാ ം***

പദപ്പെട്ടി

**മാമരം, ...........**
**മകൾ, ............**
**ചുണ്ട്, ............**

അക്ഷരപ്പെട്ടിയിൽ നിന്നും അക്ഷരങ്ങൾ എടുത്ത് സ്വരപ്പെട്ടിയിലെ സ്വരചിഹ്നങ്ങളോടുചേർത്ത് പദങ്ങൾ നിർമിച്ച് പദപ്പെട്ടിയിൽ നിക്ഷേപിക്കൂ.

നമ്മൾ കവിതയിൽ പരിചയപ്പെട്ട പദങ്ങൾ പദപ്പെട്ടിയിൽ ഉണ്ടോ?

കവിതയിൽ പരിചയപ്പെട്ട പുതിയ പദങ്ങൾ ഏതെല്ലാമാണ്?

സ്വതന്ത്രപ്രതികരണം

**പ്രവർത്തനകാർഡ് 2 ബി**

ചുവടെ കൊടുത്തിട്ടുള്ള പദങ്ങളുടെ ഭംഗി ധ്വനിപ്പിക്കുന്നതിന് കവിതയിൽ പ്രയോഗിച്ചിരിക്കുന്ന വിശേഷണങ്ങൾ കണ്ടെത്തൂ.

| | |
|---|---|
| തുമ്പപ്പൂ | വനാന്തരാ |
| മാമരം | സാഗരം |
| ചുവരുകൾ | വണ്ട് |

വിശേഷണങ്ങൾ ചേർത്തു പറഞ്ഞപ്പോൾ ഉണ്ടായ ഭംഗി ചർച്ചചെയ്ത് കണ്ടെത്തുന്നു. തുടർന്ന് പാഠഭാഗവുമായി ബന്ധപ്പെട്ട ഇത്തരം ഉദാഹരണങ്ങൾ കണ്ടെത്തി എഴുതട്ടെ. (ഉദാ: തൊപ്പിവച്ച കാട്ടുകോഴികൾ - മഴവില്ല് വരയ്ക്കുന്നവർ)

തുടർന്ന് അധ്യാപിക ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികളോട് വായിക്കാൻ ആവശ്യപ്പെടുന്നു.

ഗുരുപ്രസാദം എന്ന പാഠഭാഗത്തിലെ പരിചിതമായ സന്ദർഭമാണെന്ന് കുട്ടികൾ തിരിച്ചറിയുന്നു. പ്രതികരിക്കുന്നു. തുടർന്ന് മഴവില്ല് വരയ്ക്കുവർ എന്ന പാഠത്തിലെ സന്ദർഭവും തിരിച്ചറിയുന്നു.

> ഞാൻ ഇതിനുമുമ്പ് ഒരു പ്രാവശ്യം ഗുരുനാഥന്റെ വീട്ടിൽ പോയിട്ടുണ്ട്. ഓലമേഞ്ഞ ഒരു ചെറിയ വീടാണ്. തൃക്കരിപ്പൂർ റയിൽവേ സ്റ്റേഷന്റെ അടുത്താണ്. സ്റ്റേഷൻ കഴിഞ്ഞുള്ള മൈതാനത്തിന്റെ ഒരു വശത്താണ് വീട്. ഇത്രയും വിവരങ്ങളെ എനിക്ക് ഓർമയുണ്ടായിരുന്നുള്ളൂ, പിറ്റേ ദിവസം ഗുരുനാഥനെ കാണാൻ പോവുകയാണെന്ന് അമ്മയോട് പറഞ്ഞു. പിറ്റേന്ന് രാവിലെ ഞാൻ യാത്ര യായി. തൃക്കരിപ്പൂർ സ്റ്റേഷനിലേക്ക് തീവണ്ടിയിൽ പോയി. മൈതാനത്തിലിറങ്ങി പലരോടും അന്വോഷിച്ച് വീട് കണ്ടുപിടിച്ചു. വീട്ടിലേക്കു കടന്നുചെല്ലുന്ന വഴിക്ക് ആദ്യം ഒരു ചായക്കടയാണ് കണ്ടത്.
>
> - ഗുരുപ്രസാദം

> ആ നാട്ടിൽ നിറയെ കുന്നുകളായിരുന്നു. അവിടെയാണ് മൃഗങ്ങളും പക്ഷികളും മനുഷ്യരുമൊക്കെ പാർത്തിരുന്നത്. കുന്നുകൾക്കെല്ലാം മധ്യേ വിശാലമായ മൈതാനം പോലെ ചതുപ്പ്. കുളക്കോഴി കളും കാട്ടുതാറാവുകളും തലയിൽ തൊപ്പിവച്ച കാട്ടുകോഴികളും അവിടെ പാർത്തുവന്നു.
>
> - മഴവില്ല് വരയ്ക്കുന്നവർ

രണ്ട് സന്ദർഭങ്ങളും എന്തിനെ സൂചിപ്പിക്കുന്നു?

അധ്യാപികയുടെ ചോദ്യത്തിന് കുട്ടികൾ പ്രതികരിക്കുന്നു.

നാടിന്റെ കാഴ്ചകളാണ് പാഠസന്ദർഭങ്ങളിലുള്ളത്. നാടിന്റെ സവിശേഷതകൾ സ്വന്തം ഭാഷയിൽ അവതരിപ്പിക്കാൻ ടീച്ചർ ആവശ്യപ്പെടുന്നു.

സ്വതന്ത്രപ്രതികരണം.

നിങ്ങളുടെ നാട്ടിൽ എന്തൊക്കെ കാഴ്ചകൾ ഉണ്ട്.

കുട്ടികളുടെ പ്രതികരണം.

**പ്രവർത്തനകാർഡ് 2 C**

> നിങ്ങളുടെ നാടിന്റെ കാഴ്ചകൾ ഒരു വിവരണമായി എഴുതുക.

വ്യക്തിഗതരചന

ഗ്രൂപ്പിൽ വായന

മെച്ചപ്പെടുത്തി അവതരിപ്പിക്കുന്നു

- ആശയസമഗ്രത
- ആശയവ്യക്തതയൊടെയുള്ള വാക്യഘടന

## പ്രവർത്തനം 3
## കഥ പറയാം എഴുതാം

**ശേഷികൾ / ധാരണകൾ**

- സർഗാത്മക രചനകൾ നടത്തുന്നതിനുള്ള കഴിവ് നേടുന്നതിന്
- കവിതകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്, സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിന്

അധ്യാപിക ചാർട്ടിൽ ഒരു കവിത പ്രദർശിപ്പിക്കുന്നു.
കൂട്ടപ്പാട്ട് പാടാം
അധ്യാപികയും കുട്ടികളും കൂടി പാട്ട് ആസ്വദിച്ച് പാടുന്നു.

ഉറുമ്പേ ഉറുമ്പേ എങ്ങോട്ടു പോണു
അച്ഛൻറെ വീട്ടിൽ ചാത്തുണ്ണാൻ പോണു
എങ്ങനെ പോണു ?
അപ്പോം ചുട്ട്,
അടേം ചുട്ട്,
ഏലം വാട്ടി,
പൊതീം കെട്ടി
പടീം കടന്ന്
അതിലേം പോയ്
ഇതിലേം പോയ്
അങ്ങനേം പോയ്
ഇങ്ങനേം പോയ്
ഇക്കിളി കിളി കിളി കിളി .....

എന്നിങ്ങനെ പാടി ഉറക്കെച്ചിരിക്കുന്നു.
അധ്യാപിക വിശകലന ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു.

- ഉറുമ്പ് എങ്ങോട്ടേക്കാണ് പോകുന്നത് ?
- എങ്ങനെയാണ് പോകുന്നത് ?
- ഉറുമ്പിന്റെ യാത്രയുടെ ഒരുക്കങ്ങൾ ക്രമമായി പറയാമോ?

തുടർന്ന് കുട്ടികളും അധ്യാപികയും ഉറുമ്പുകളായി അഭിനയിക്കുന്നു.

കുട്ടികൾ ഉറുമ്പുകളെ പോലെ വരിവരിയായി പാട്ടുപാടി തീറ്റ തേടി പോകുന്നു.കുട്ടികൾ ഉറുമ്പുകൾ ആയി അഭിനയിക്കട്ടെ. കഥാപാത്രങ്ങളുടെ പേര് നൽകുന്നു മണിയൻ, ചിന്നൻ, പീക്കിരി തുടങ്ങിയ രസകരമായ പേരുകൾ സ്വീകരിക്കാം.

കുട്ടികളുടെ അഭിനയത്തിനനുസരിച്ച് അധ്യാപിക രസകരമായ ചോദ്യങ്ങൾ ഉന്നയിക്കുന്നു.
കുട്ടികൾ പ്രതികരിക്കുന്നു.

ഉദാ: മണിയനുറുമ്പ് എന്താണ് കൊണ്ടുവന്നത്?
അണിയനുറുമ്പ് അരിമണി കൊണ്ടുവന്നു.
ചിന്നൻ എന്തിനാണ് പൊട്ടിപ്പൊട്ടിച്ചിരിക്കുന്നത്?
കുഞ്ഞനുറുമ്പിന് പറ്റിയ അക്കിടി എന്താണ്?

കുട്ടികൾ ഭാവനാത്മകമായി പ്രതികരിക്കട്ടെ.

വാചിക പ്രകടനത്തിന് ആത്മവിശ്വാസം നൽകുന്ന തരത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പിന്തുണനൽകാൻ ശ്രദ്ധിക്കണം.

**പ്രവർത്തനകാർഡ് 3 എ**

പാട്ടിലെ കൂട്ടക്ഷരങ്ങൾ കണ്ടെത്തുക. ഈ കൂട്ടക്ഷരങ്ങൾ വരുന്ന കൂടുതൽ പദങ്ങൾ കണ്ടെത്തിയെഴുതുക.

കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു. ബെഞ്ച് ഗ്രൂപ്പിൽ വായിച്ച് കൂടുതൽ പദങ്ങൾ കണ്ടെത്തുന്നു അവതരിപ്പിക്കുന്നു.
ടീച്ചർ ബോർഡിൽ കുറിക്കുന്നു. കുട്ടികൾ ടീച്ചർ എഴുതിയതുമായി തട്ടിച്ചുനോക്കി ആവശ്യമായ തിരുത്തലുകൾ നടത്തുന്നു.
പാട്ടും അഭിനയവും ഇഷ്ടപ്പെട്ടല്ലോ. അതിൽനിന്നും ഒരു പുതിയകഥ ഉണ്ടാക്കി എഴുതുക.

**പ്രവർത്തകാർഡ് 3 ബി**

കഥയെഴുതാം

കുട്ടികൾ കഥ എഴുതുന്നു.
വ്യക്തിഗത രചന
ഗ്രൂപ്പിൽ വായിച്ച് അവതരിപ്പിക്കുന്നു.

**പ്രവർത്തനം 4**

**കടങ്കഥകൾ പറയാം രസിക്കാം**

**ധാരണകൾ / ശേഷികൾ**

- കടങ്കഥയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആസ്വദിക്കുകയും പുതിയ കടങ്കഥകൾ നിർമ്മിക്കുകയും ചെയ്യുന്നു.

അധ്യാപിക രസകരമായ കടങ്കകൾ അവതരിപ്പിക്കുന്നു.

ആനകേറാമലേലാടുകേറാമലേലായിരം കാന്താരി പൂത്തിറങ്ങി

അക്കര നിക്കും തുഞ്ചാണി
ഇക്കര നിക്കും തുഞ്ചാണി
കൂട്ടിമുട്ടും തുഞ്ചാണി

പച്ചപ്പലകക്കൊട്ടാരത്തിൽ പത്തും നൂറും കൊട്ടത്തേങ്ങ.

ഇത്തിരിക്കുഞ്ഞനൊരാറ്റക്കണ്ണൻ

അധ്യാപിക കടംകഥകളുടെ ഉത്തരംതേടുന്നു. കുട്ടികൾ കുറിക്കുന്നു. കുട്ടികൾ പറയുന്ന ഉത്തരങ്ങൾ അധ്യാപിക ബോർഡിൽ എഴുതുന്നു.

ഉത്തരത്തിലേക്ക് എത്താൻ സഹായിച്ച സൂചനകൾ പങ്കുവക്കാൻ ആവശ്യപ്പെടുന്നു.

ആനകേറാമല ആടുകേറാമല

ആയിരംകാന്താരി പൂത്തിറങ്ങുക, പച്ചപ്പലക കൊട്ടാരത്തിൽ പത്തും നൂറും കോട്ടത്തേങ്ങ തുടങ്ങിയ പ്രയോഗങ്ങളുടെ ഭംഗിയും ഔചിത്യവും ചർച്ചചെയ്യുന്നു. കുട്ടികളുടെ പ്രതികരണങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

ഒതുക്കമുള്ള ഭാഷ
അലങ്കാര ഭാഷ
പരിചിതമായ ഉദാഹരണങ്ങൾ
അക്ഷരാവർത്തനം
അത് നൽകുന്ന സവിശേഷ ഭംഗി

തുടർന്ന് അധ്യാപിക 'എന്റെ വിദ്യാലയം' എന്ന കവിതയിലെ വരികൾ പ്രദർശിപ്പിക്കുന്നു.

''ഇന്നലെക്കണ്ണീർ വാർത്തു കരഞ്ഞ കരിവാന -

മിന്നതാചിരിക്കുന്നൂ, പാലൊളിചിതറുന്നു...''

ഇവിടെ കവി വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?

കരിഞ്ഞ കരിവാനം, പാലൊളിചിതറുക തുടങ്ങിയ പ്രയോഗങ്ങളുടെ അർഥം എന്താണ്? ഭംഗി എന്താണ്? അവ കവിതയ്ക്ക് നൽകുന്ന സൗന്ദര്യം - ചർച്ച ചെയ്യുക. കുട്ടികളുടെ പ്രതികരണങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

മാനത്തിന്റെ കരച്ചിലാണ് മഴ.
മഴമാറി തെളിഞ്ഞപ്രഭാതത്തെ പാലൊളിചിതറലായി കൽപ്പിക്കുന്നു.
ഒരു അവസ്ഥയും സ്ഥിരമല്ല എന്ന വലിയ തത്വത്തെ,
പ്രകൃതിപ്രതിഭാസത്തെ മുൻനിർത്തി ലളിതമായി പറയുന്നു.

**പ്രവർത്തനകാർഡ് 4 എ**

മുകളിൽ ചർച്ചചെയ്ത കാവ്യഭാഷാ സവിശേഷതകളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ വിദ്യാലയത്തെക്കുറിച്ച് ഒരു വിവരണം തയാറാക്കു.

ചുവടെ കൊടുത്തിരിക്കുന്നവ നോട്ടുബുക്കിലെഴുതാൻ അധ്യാപിക ആവശ്യപ്പെടുന്നു.
പിരിച്ചെഴുതിയ പദങ്ങളെ ചേർത്തുപറയാൻ ആവശ്യപ്പെടുന്നു.

1. ഇത്തിരി + കുഞ്ഞൻ + ഒരു + ഒറ്റ + കണ്ണൻ
   ഇത്തിക്കുഞ്ഞനൊരൊറ്റക്കണ്ണൻ
2. ആന കേറാ മലേൽ + ആടു കേറാ മലേൽ + ആയിരം കാന്താരി പൂത്തിറങ്ങി
   ആനകേറാമലേലാടുകേറാമലേലായിരം കാന്താരി പൂത്തിറങ്ങി

അധ്യാപികയും കുട്ടികളും കൂടി വാക്യങ്ങൾ താളത്തിൽ പറയുന്നു.
മുത്തുകൾ കൂടിച്ചേരുമ്പോൾ സുന്ദരമായ ഒരു മാലയുണ്ടാവുന്നതുപോലെ പദങ്ങളെ ഉചിതമായി അടുക്കിപ്പറയുമ്പോൾ ഭാഷയ്ക്ക് താളവും സൗന്ദര്യവും ഉണ്ടാവുന്നത് അധ്യാപിക വിശദീകരിക്കുന്നു.

**പ്രവർത്തനം 5**

**ഉപന്യാസം എഴുതാം**

**ശേഷികൾ / ധാരണകൾ**

- കണ്ടും കേട്ടും വായിച്ചും മനസ്സിലാക്കിയ ആശയങ്ങൾ ഉൾക്കൊള്ളിച്ച് ലഘു ഉപന്യാസങ്ങൾ തയാറാക്കുന്നതിന്

മനോഹരമായ പ്രകൃതിയുടെ ചിത്രം/പ്രകൃതി നശീകരണത്തിന്റെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.





ചിത്രത്തിൽ കാണുന്നതെന്തെല്ലാം? ചിത്രത്തിൽ നിന്ന് മനസ്സിലാകുന്നത് എന്തെല്ലാം ?

ചോദ്യങ്ങൾ ഓരോന്നായി അധ്യാപിക ഉന്നയിക്കുന്നു.
കുട്ടികൾ പ്രതികരിക്കുന്നു.
പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

തുടർന്ന് ഒരു പാട്ടു പിന്നെയും എന്ന കവിതയിലെ ആദ്യത്തെ നാലു വരികൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
കുട്ടികൾ കവിത വായിക്കുന്നു. ഈണത്തിൽ ചൊല്ലാൻ അവസരം നൽകുന്നു.
തുടർന്ന് ഓരോ വരികളായി സ്ക്രീനിൽ തെളിയുന്നതിനൊപ്പം ഓഡിയോ കേൾപ്പിക്കുന്നു.
വിശകലന ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു.
കുട്ടികൾ ബെഞ്ച് ഗ്രൂപ്പിൽ ചർച്ചചെയ്തു കുറിക്കുന്നു.

ആരാണ് പാട്ടുപാടുന്നത്?
കാട്ടുപക്ഷി ഏത് അവസ്ഥയിലാണുള്ളത്?
പാടുന്നത് എന്ന് കവിക്ക് തോന്നുന്നത് എന്തുകൊണ്ടാണ്?
മഴുതിന്ന മാമരക്കൊമ്പ് എന്ന പ്രയോഗത്തിന്റെ സൂചന എന്താണ്?
പക്ഷിയുടെ കൂട്ടുകാർക്കും കാടിനും എന്താണ് സംഭവിച്ചത്?
പക്ഷിയുടെയും കാടിന്റെയും ഈ അവസ്ഥയ്ക്ക് കാരണക്കാരാരാണ്?

ജീവജാലങ്ങളെയും പ്രകൃതിയെയും സംരക്ഷിക്കുന്നതിന് വിദ്യാർഥികളായ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?
ഓരോ ചോദ്യത്തിനോടുമുള്ള പ്രതികരണം ഗ്രൂപ്പുകൾ അവതരിപ്പിക്കുന്നു.
പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

പ്രവർത്തനത്തിൽ എല്ലാ കുട്ടികൾക്കും സജീവപങ്കാളിത്തം ഉറപ്പുവരുത്തണം.
ഗ്രൂപ്പിൽ അവതരിപ്പിക്കുമ്പോൾ എല്ലാവർക്കും അവസരം ലഭിക്കണം. ബോർഡിലെ പ്രധാനാശയങ്ങൾ എല്ലാവരും നോട്ടിലേക്ക് എഴുതിയെടുക്കട്ടെ.

ചർച്ചകളിൽ രൂപപ്പെട്ട ആശയങ്ങൾ മുൻനിർത്തി **പ്രകൃതി സംരക്ഷണത്തിൽ വിദ്യാർഥികളുടെ പങ്ക്** എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കാൻ നിർദേശിക്കുന്നു.
ഉപന്യാസം തയാറാക്കുന്നത് എങ്ങനെയാണ് ?
ലഘുചർച്ച ക്രോഡീകരണം

എഴുതേണ്ട പ്രധാന ആശയങ്ങൾ, ഉദാഹരണങ്ങൾ, തെളിവുകൾ, അവതരിപ്പിച്ച ആശയങ്ങൾ, ക്രമീകരിക്കേണ്ട വിധം എന്നിവയെല്ലാം തീരുമാനിക്കുന്നു. വിഷയം വിശകലനംചെയ്ത് ആശയങ്ങൾ കണ്ടെത്തണം.

പ്രകൃതി നശിപ്പിക്കപ്പെടുന്നത് എങ്ങനെയെല്ലാം? അതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്? പരിഹാരമാർഗങ്ങൾ എന്തെല്ലാമാണ്?

പ്രകൃതിസംരക്ഷണത്തിനായി കുട്ടികൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?

ഗ്രൂപ്പ് ചർച്ച ചെയ്യുന്നു.

വ്യക്തിഗത രചന പൂർത്തിയാക്കുന്നു.

ഈ ഘട്ടത്തിൽ എഴുതാൻ പ്രയാസമുള്ള കുട്ടികൾക്ക് ലഘുചോദ്യങ്ങളിലൂടെ ആശയങ്ങൾ ഉൾക്കൊള്ളാനും അവയെഴുതി ഫലിപ്പിക്കാൻ ഉള്ള ആത്മവിശ്വാസവും പ്രോത്സാഹനവും നൽകണം.

ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്തുന്നു.അക്ഷരപദവാക്യതലങ്ങളിലെ പിഴവുകൾ പരസ്പരം ചർച്ചചെയ്തു പരിഹരിക്കുന്നു.

ഗ്രൂപ്പിലെ മികച്ചത് കണ്ടെത്തി അവതരിപ്പിക്കുന്നു.

തുടർപ്രവർത്തനം : ഉപന്യാസം മെച്ചപ്പെടുത്തി എഴുതുക.

**പ്രവർത്തനകാർഡ് 5**


| പ്രകൃതി സംരക്ഷണത്തിൽ വിദ്യാർഥികളുടെ പങ്ക് എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കാം |
|---|

**പ്രവർത്തനം 6**

**കഥയുണ്ടാക്കാം കഥ പറയാം**

**ശേഷികൾ / ധാരണകൾ**

സൂചനകൾ വികസിപ്പിച്ച കഥകൾ എഴുതുന്നതിനും അവതരിപ്പിക്കുന്നതിനും




***സൂചനയിൽ നിന്നും കഥയുണ്ടാക്കാം***

കുട്ടികൾ ഉചിതമായ കൂട്ടിച്ചേർക്കലുകളോടെ കഥ പൂർത്തിയാക്കുന്നു.

## പ്രവർത്തനം 7

## അക്ഷരക്കളികൾ

**ധാരണകൾ / ശേഷികൾ**

- ചിഹ്നങ്ങളെക്കുറിച്ചുള്ള ധാരണ നേടലും ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കൽ

അധ്യാപിക സ്വരചിഹ്നങ്ങൾ ഒഴിവാക്കി പ്രസിദ്ധമായ ഒരു കഥ അവതരിപ്പിക്കുന്നു.
(കഥ ഏതാണെന്ന് കണ്ടെത്തി എഴുതാൻ കുട്ടികളോട് ആദ്യമേ പറയണം)

കട്ടക്കറക്കൻ കട്ടലട നടക്കകയയരന്ന.
വശന്ന തളർന്ന കട്ടക്കറക്കൻ
മന്തര കണ്ട.
ചട നക്ക.
കട്ടയല്ല.
വണ്ട ചട നക്ക.
കട്ടയല്ല.
കട്ടക്കറക്കൻ ദഷത്തട പറഞ്ഞ :
'മന്തര പളക്ക. എനക്ക വണ്ട'

തുടർന്ന് സ്വരചിഹ്നങ്ങൾ ഒഴിവാക്കിയ കഥാചാർട്ട് പ്രദർശിപ്പിക്കുന്നു.കഥ സ്വരങ്ങൾ ചേർത്ത് ശരിയായി മാറ്റിയെഴുതാൻ നിർദേശിക്കുന്നു.
വേഗം ശരിയായി എഴുതാനുള്ള ആവേശം പകരുന്ന വിധത്തിൽ അവതരിപ്പിക്കണം.
കുട്ടികൾ ശരിയായി എഴുതിയത് വായിച്ചു അവതരിപ്പിക്കുന്നു.
അധ്യാപിക ചാർട്ടിൽ മറ്റൊരു കളറിലുള്ള മാർക്കർ പേന ഉപയോഗിച്ച് സ്വരചിഹ്നങ്ങൾ ചേർക്കുന്നു.
കുട്ടികൾക്ക് തങ്ങളുടെ രചനകൾ ചാർട്ടുമായി തട്ടിച്ചുനോക്കി ശരിയാക്കാൻ അവസരം നൽകുന്നു.
ഒന്ന് /രണ്ട് കുട്ടികൾക്ക് രംഗം അഭിനയിച്ച് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.
തുടർന്ന് ഒരു കഥാചിത്രം പ്രദർശിപ്പിക്കുന്നു.
ഈ കഥ എങ്ങനെയാണ് പൂർത്തിയാക്കുക ? ബെഞ്ച് ഗ്രൂപ്പിൽ ആലോചിക്കുന്നു.ഓരോ ബെഞ്ച് ഗ്രൂപ്പും കഥ തങ്ങളുടേതായ രീതിയിൽ പൂർത്തിയാക്കുന്നു.
അവതരിപ്പിക്കുന്നു. സൂചനകളിൽ നിന്ന്
കഥ ഏറ്റവും നന്നായി വികസിപ്പിച്ച ഗ്രൂപ്പുകളെ കണ്ടെത്തുന്നു.
കഥ വികസിപ്പിക്കാൻ വേണ്ടി അവർ പുതുതായി നിർമിച്ച വാക്യങ്ങൾ ടീച്ചർ ബോർഡിൽ എഴുതുന്നു.

ഓരോ വാക്യവും മറ്റ് ഏതെല്ലാം രീതിയിൽ അവതരിപ്പിക്കാമായിരുന്നു എന്ന് ചോദിക്കുന്നു.
കുട്ടികൾ അർഥവ്യത്യാസം വരാതെ മാറ്റി എഴുതുന്നു.
അവതരിപ്പിക്കുന്നു.
ഒരേ വാക്യം തന്നെ അർഥവ്യത്യാസം വരാതെ എങ്ങനെയെല്ലാം മാറ്റി എഴുതി ?
ആ വാക്യങ്ങൾ എല്ലാം അധ്യാപിക ബോർഡിൽ കുറിക്കുന്നു.
മറ്റേതെങ്കിലും തരത്തിൽ എഴുതാൻ കഴിയുമോ ?പരമാവധി സാധ്യതകൾ കണ്ടെത്തുന്നു.
തുടർന്ന് കഥയിലെ ആദ്യവാക്യം ചാർട്ട് പ്രദർശിപ്പിക്കുന്നു.
തത്തമ്മ മുട്ടയിട്ടു.
മുട്ട വീണത് മുളങ്കാട്ടിൽ.
ഈ വാക്യങ്ങളെ അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കാൻ കഴിയുമോ എന്ന് ചോദിക്കുന്നു.
കുട്ടികൾ വാക്യമാക്കി മാറ്റി എഴുതുന്നു.
ഒറ്റവാക്യമാക്കിയപ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത് ?
ചർച്ച ചെയ്യുന്നു.
തുടർന്ന്
അയ്യോ, എന്റെ അമ്പു മുറിക്കല്ലേ. ഞാൻ പന്നിയെ ചെയ്യാം.
എന്ന വേടന്റെ സംഭാഷണം ഒറ്റവാക്യമാക്കാൻ നിർദ്ദേശിക്കുന്നു.
കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു.
ഗ്രൂപ്പിൽ വായിച്ചു മെച്ചപ്പെടുത്തുന്നു.
ഇത്തരത്തിൽ വാക്യങ്ങൾ അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കാൻ കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.
തുടർപ്രവർത്തനം :
നേരത്തെ എഴുതിയ കഥ
മെച്ചപ്പെടുത്തുക.

**പ്രവർത്തന കാർഡ്**

| കഥയെഴുതുക |
|---|

**പ്രവർത്തനം 8**

**കുറിപ്പ് തയാറാക്കാം**

**ശേഷികൾ / ധാരണകൾ**

- കണ്ടും കേട്ടും വായിച്ചും മനസ്സിലാക്കി ആശയങ്ങൾ ഉൾക്കൊളളിച്ച് കുറിപ്പുകൾ തയാറാക്കുന്നു.

**<u>ചാച്ചാജിയുടെ കഥ</u>**

മുഖത്തൊരു മന്ദസ്മിതം, ശാന്തമായ ചിരി, നീളം കോട്ടിന്റെ പോക്കറ്റിൽ റോസാപ്പൂ. ചാച്ചാജിയുടെ ഇങ്ങനെ ഒരു ചിത്രം പരിചയമില്ലാത്തവർ കുറവാണ്. അടയാളം തന്നെയായി മാറിയ ആ റോസാപ്പൂവിന് പിന്നിൽ ഒരു കഥയുണ്ട്. പ്രധാനമന്ത്രിയായ ശേഷം ഒരിക്കൽ ഒരു പാവപ്പെട്ട സ്ത്രീ നെഹ്റുവിനെ കാണാൻ അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയിൽ എത്തി. തന്റെ പക്കലുള്ള

റോസാപ്പൂ പ്രധാനമന്ത്രിക്ക് സമ്മാനിക്കുകയായിരുന്നു ലക്ഷ്യം. എന്നാൽ ഗേറ്റിൽ നിന്നിരുന്ന സുരക്ഷാ ഉദ്യോഗസ്ഥർ അവരെ ഉള്ളിലേക്ക് കയറ്റിവിടാൻ അനുവദിച്ചില്ല. ആ സ്ത്രീയുടെ വിശിഷ്ടസമ്മാനം കണ്ടപ്പോൾ കാവൽക്കാർക്ക് പുച്ഛവും പരിഹാസവും ആണ് ഉണ്ടായത്. ഗ്രാമീണയായ അവരുടെ നിഷ്കളങ്കമനസ്സിൽ ഇത് വല്ലാത്ത വേദനയാണ് ഉണ്ടാക്കിയത്. ദരിദ്രയായ അവർക്ക് കുടിലിനു മുൻപിൽ വിരിഞ്ഞ ആ പൂവല്ലാതെ മറ്റൊന്നും നൽകാനുള്ള ശേഷി ഉണ്ടായിരുന്നില്ല. അവർ പിറ്റേ ദിവസവും അവിടെയെത്തി കാവൽക്കാർ അവരെ കയറ്റിയില്ല. ഇതൊരു സ്ഥിരം സംഭവമായി മാറി. വിടർന്ന റോസാപ്പൂവുമായി എന്നും അവർ ചാച്ചാജിയെ കാത്തു നിന്നു. സുരക്ഷാ ഉദ്യോഗസ്ഥരുടെ പെരുമാറ്റം ഒന്നും ചാച്ചാജി അറിഞ്ഞിരുന്നില്ല. നാളുകൾ പലതും കഴിഞ്ഞു. സ്ത്രീ തന്റെ പതിവ് തെറ്റിച്ചില്ല. എന്നെങ്കിലും ഒരിക്കൽ ചാച്ചാജി തന്റെ റോസാപ്പൂവ് സമ്മാനം സ്വീകരിക്കുമെന്നുതന്നെ അവർ വിശ്വസിച്ചു. ഒരിക്കൽ ചാച്ചാജി സുരക്ഷാ ഉദ്യോഗസ്ഥരോട് തർക്കിച്ചുകൊണ്ട് നിൽക്കുന്ന സ്ത്രീയെ കാണുകയുണ്ടായി. അവരെ അകത്തേക്ക് കയറ്റി വിടാൻ അദ്ദേഹം അനുവദിക്കുകയും സമ്മാനം സ്വീകരിക്കുകയും ചെയ്തു. തന്നെ കാണാൻ അകലെ നിന്നും വന്നുകൊണ്ടിരുന്ന ആ സ്ത്രീയോട് അദ്ദേഹത്തിന് എന്തെന്നില്ലാത്ത മമതയും ആദരവും തോന്നി. സമ്മാനത്തിന്റെ വിലയോ മേന്മയോ അല്ല. അത് എന്തായാലും കൊടുക്കാനുള്ള സന്നദ്ധതയാണ് വേണ്ടതെന്ന് അറിയാവുന്ന ചാച്ചാജി ആ റോസാപ്പൂവ് തന്റെ കോട്ടിന്റെ ഒരു വശത്ത് മനോഹരമായി കുത്തിവച്ചു. അതുകണ്ട് ആ സ്ത്രീ വളരെ സന്തോഷിച്ചു. റോസാപ്പൂവും കുത്തിയാണ് ചാച്ചാജി അന്ന് ഓഫീസിലേക്ക് പോയത്. വൈകിട്ട് തിരികെയെത്തിയ ചാച്ചാജിയുടെ പോക്കറ്റിൽ റോസാപ്പൂവ് കണ്ട് അദ്ദേഹത്തിന്റെ തോട്ടക്കാരൻ പിന്നീട് എല്ലാ ദിവസവും ഒരു പൂവ് അദ്ദേഹത്തിനു കൊടുക്കുന്നത് പതിവാക്കി. ഗ്രാമീണയായ പാവപ്പെട്ട സ്ത്രീ നൽകിയ റോസാപ്പൂവ് ആയിരുന്നു പിൽക്കാലത്ത് തന്റെ അടയാളമായി നെഹ്റു കരുതിയത്.

ചാച്ചാജിയുടെ കഥ ഇഷ്ടപ്പെട്ടല്ലോ.

ഈ കഥ നമുക്ക് തരുന്ന സന്ദേശം എന്താണ് ?

കുട്ടികളുടെ സ്വതന്ത്ര പ്രതികരണം

കഥ നൽകുന്ന സന്ദേശം വ്യക്തിഗതമായി കുറിക്കാൻ ടീച്ചർ ആവശ്യപ്പെടുന്നു.

ഇഷ്ടപ്പെട്ട പദങ്ങളുടെ അടിസ്ഥാനത്തിൽ 5 ഗ്രൂപ്പുകൾ ആവുന്നു. ഗ്രൂപ്പിൽ രചന മെച്ചപ്പെടുത്തുന്നു. രചന മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ചർച്ചാസൂചകങ്ങൾ അധ്യാപികയും കുട്ടികളും കൂടി തയ്യാറാക്കുന്നു.

1. ഗ്രാമീണ സ്ത്രീ എന്തുകൊണ്ടാവാം ഒരു റോസാപ്പൂവ് പ്രധാനമന്ത്രിക്ക് സമ്മാനമായി നൽകിയത് ?
2. പ്രധാനമന്ത്രിക്ക് ആ ഗ്രാമീണസ്ത്രീ നൽകിയ സമ്മാനം ഇഷ്ടപ്പെട്ടത് എന്തുകൊണ്ടാവാം?
3. ചാച്ചാജിക്ക് ആ സ്ത്രീ നൽകിയ സമ്മാനം നിങ്ങൾക്ക് ഇഷ്ടമായോ ?
4. സുരക്ഷാ ഉദ്യോഗസ്ഥരുടെ സ്ത്രീയോടുള്ള പെരുമാറ്റത്തോടെ നിങ്ങൾ യോജിക്കുന്നുണ്ടോ?
4. തോട്ടക്കാരന്റെ പ്രവൃത്തിയോടുള്ള നിങ്ങളുടെ അഭിപ്രായം എന്താണ് ?
5. ചാച്ചാജിയുടെ പ്രവൃത്തിയിലൂടെ അദ്ദേഹത്തിൻറെ എന്തു മനോഭാവമാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് ?

തുടർന്ന് പ്രകാശം പരത്തുന്നവർ എന്ന യൂണിറ്റിലെ പാഠഭാഗങ്ങളിലെ ആശയങ്ങളും നെഹ്റുവിന്റെ കഥയിലെ സന്ദേശവും ഉൾപ്പെടുത്തി നമുക്ക് നല്ല മനുഷ്യരാകാം എന്ന തലക്കെട്ടിൽ ഒരു കുറിപ്പ് തയാറാക്കാം.

**പ്രവർത്തന കാർഡ് 8 എ**

| നമുക്ക് നല്ല മനുഷ്യരാകാം - കുറിപ്പ് തയാറാക്കാം. |
|---|

സ്വയം വായിച്ച് മെച്ചപ്പെടുത്തുന്നു.
പരസ്പരം വായിച്ച് മെച്ചപ്പെടുത്തുന്നു
അധ്യാപികയുടെ സഹായത്തോടെ മെച്ചപ്പെടുത്തുന്നു.
കുറിപ്പ് തയാറാക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം.
കണ്ടെത്തിയ ആശയങ്ങൾ പൂർണമായി ഉൾപ്പെടുത്തണം.
ആശയക്രമീകരണം പാലിക്കണം.
ഉചിതമായ ഭാഷ വേണം.
ചർച്ചയുടെ അടിസ്ഥാനത്തിൽ കുറിപ്പ് മെച്ചപ്പെടുത്തി എഴുതാൻ നിർദേശിക്കുന്നു.

## പ്രവർത്തനം 9
## കവിത വായിക്കാം ആസ്വദിക്കാം

**ശേഷികൾ / ധാരണകൾ**

- കവിതകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്, വാങ്മയ ചിത്രങ്ങൾ കണ്ടെത്തുന്നതിന്, ആസ്വാദനാംശങ്ങൾ കണ്ടെത്തുന്നതിന്, സ്വന്തം നിരീക്ഷണങ്ങൾ കണ്ടെത്തുന്നതിന്.

**ഗ്രാമത്തിന്റെ സന്ധ്യ**

നൂറു പാടങ്ങൾക്കു നീർകൊടുക്കും
ആറു മദിച്ചു കുതിച്ചൊഴുകി
രണ്ടു കരയ്ക്കും കുലച്ചു നിൽപു
തണ്ടുകൾ ചാഞ്ഞുലഞ്ഞാറ്റുവഞ്ചി
കരിയില കാറ്റിൽ പറന്നപോലെ
കുരുവികൾ മാനത്തലഞ്ഞിടുമ്പോൾ
ചെറുചെറുതോണികൾ ചൂണ്ടലുമായ്
കരിമീനുകളെപ്പരതിടുമ്പോൾ
ചിറകുമുയർത്തക്കഴുകനെപ്പോൽ
കരകളിൽച്ചീനവലകൾ നിൽക്കെ
ചുഴികളിൽ ചെഞ്ചായമിട്ടുകൊണ്ടാ
വഴി നടന്നെത്തും തുടുത്ത സന്ധ്യ!

- വയലാർ രാമവർമ

ഗ്രാമത്തിലെ സന്ധ്യ എന്ന കവിത രണ്ടു വരികൾ വീതം പേപ്പർ ചുരുളുകളിലെഴുതി മേശപ്പുറത്ത് വയ്ക്കുന്നു. കുട്ടികളോട് ഇഷ്ടപ്പെട്ട ചുരുളുകൾ എടുക്കുവാൻ ആവശ്യപ്പെടുന്നു. തുടർന്ന് അധ്യാപിക കവിതയുടെ ഓഡിയോ കേൾപ്പിക്കുന്നു. ഓഡിയോ കേൾക്കുമ്പോൾ തന്നെ കുട്ടികളോട് കവിതാ ഗ്രൂപ്പുകളാകാൻ നിർദേശിക്കുന്നു. കവിത കേട്ട് പ്രസ്തുത വരികൾ കിട്ടിയ കുട്ടികൾ ഒന്നിച്ച് ഓരോ കവിതാ ഗ്രൂപ്പുകളായി മാറുന്നു. തുടർന്ന് ഓരോ ഗ്രൂപ്പും കവിതയ്ക്ക് വ്യത്യസതങ്ങളായ ഈണം കണ്ടെത്താൻ ആവശ്യപ്പെടുന്നു. കുട്ടികൾ ഈണം കണ്ടെത്തുന്നു. ക്ലാസിൽ നിന്നും കണ്ടെത്താവുന്ന സംഗീത ഉപകരണങ്ങൾ (പെൻസിൽ, ബോക്സ്, വാട്ടർ ബോട്ടിൽ, ഡസ്ക്ക്) സംഘടിപ്പിച്ച് സംഗീതത്തിന്റെ അകമ്പടിയോടെ ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.

ഗ്രൂപ്പുകളുടെ അവതരണത്തിനു ശേഷം കുട്ടികളെ പുതിയ നാല് ഗ്രൂപ്പുകളാക്കുന്നു. ശേഷം ഓരോ ഗ്രൂപ്പിനും വ്യത്യസതമായ പേരുകൾ നൽകുന്നു

മാതൃക

1. ഇഷ്ടവരി

2 വാങ്മയം

3. ആശയം

4. പ്രയോഗ ഭംഗി / ശബ്ദ ഭംഗി

എന്നിങ്ങനെ കുട്ടികൾ അവരവർക്കു കിട്ടിയ ഗ്രൂപ്പിന്റെ പേരുകളുടെ അടിസ്ഥാനത്തിൽ ചർച്ച ചെയത് കണ്ടെത്തിയ കാര്യങ്ങൾ ചാർട്ടിൽ ക്രോഡീകരിക്കുന്നു. ചർച്ചയ്ക്ക് സഹായകമായ ചോദ്യാവലി ക്ലാസിൽ പ്രദർശിപ്പിക്കുന്നു

ചോദ്യാവലി

1 കവിതയിൽ നിങ്ങൾക്കിഷ്ടപ്പെട്ട വരികൾ ഏതാണ്? ഇഷ്ടപ്പെടാനുള്ള കാരണം എന്താണ്?

2. കവിത വായിച്ചപ്പോൾ നിങ്ങളുടെ മനസ്സിൽ തെളിയുന്ന ഗ്രാമസന്ധ്യയെ ചിത്രീകരിക്കാമോ?

3. ഗ്രാമസന്ധ്യയെ കവി എങ്ങനെയൊക്കെ വർണിച്ചിരിക്കുന്നു?

4. കവിതയിലൂടെ കവി ആവിഷ്ക്കരിക്കുന്ന ആശയം എന്താണ്? കവിതയിലെ ഗ്രാമഭംഗിക്ക് മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടോ?

ഓരോ ഗ്രൂപ്പും ആവശ്യമായ സൂചനകൾക്കനുസരിച്ച് ചർച്ച ചെയ്ത് കണ്ടെത്തലുകൾ ചാർട്ടിൽ എഴുതി അവതരിപ്പിക്കുന്നു.

ഗ്രൂപ്പുകളുടെ അവതരണത്തിനു ശേഷം ആസ്വാദനക്കുറിപ്പിലെന്തെല്ലാം?

നിർദ്ദേശങ്ങൾ ബോർഡിൽ / ചാർട്ടിൽ എഴുതുന്നു

കുട്ടികൾ വ്യക്തിഗതമായി ആസ്വാദനക്കുറിപ്പ് എഴുതുന്നു. മെച്ചപ്പെടുത്തിയ കുറിപ്പുകൾ പതിപ്പാക്കി മാറ്റുന്നു.

കവിയുടെ പേര്
കവിതയുടെ പേര്
കവിതയുടെ ആശയം
ഇഷ്ടപ്പെട്ട വരികൾ
ഇഷ്ടപ്പെടാനുള്ള കാരണം
ശബ്ദഭംഗി / താളഭംഗിയുള്ള വരികൾ
സവിശേഷ പ്രയോഗങ്ങൾ
എന്നിവ ആസ്വാദനക്കുറിപ്പിൽ ഉൾപ്പെടുത്തണം.

## പ്രവർത്തനം 10
## കിളികളെ നിരീക്ഷിക്കാം കുറിപ്പ് തയ്യാറാക്കാം

**ശേഷികൾ / ധാരണകൾ**

- കണ്ട കാഴ്ചകൾ വിശകലനം ചെയ്ത് ആശയങ്ങൾ രൂപീകരിക്കുന്നതിന്.

**നിറം നൽകാം. പേരെഴുതാം**

പക്ഷികളുടെ ചിത്രങ്ങൾ നൽകുന്നു.
കുട്ടികൾ അവയ്ക്ക് നിറം നൽകിചുവടെ പേരെഴുതി ചേർക്കട്ടെ.
തുടർന്ന് നിങ്ങൾക്ക് ഇഷ്ടപ്പെട്ട കിളികളെക്കുറിച്ച് പറയൂ
പക്ഷികളെ നിരീക്ഷിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ശ്രദ്ധിച്ചിട്ടുള്ളത്?

**ഈ കുറിപ്പ് വായിക്കൂ**

ആദ്യം ഒരു കുഞ്ഞു പുസ്തകത്തിൽ താഴെക്കാണുന്ന കാര്യങ്ങൾ കുറിച്ചിടാം.
പക്ഷിയെ നിരീക്ഷിച്ച സ്ഥലത്തിന്റെ പേര്, സ്വഭാവം (കാട്, വീട്ടു മുറ്റം, കുറ്റിക്കാട്, വയൽ എന്നിങ്ങനെ)
തീയതി, സമയം, കാലാവസ്ഥ.
കാണുന്ന പക്ഷികളുടെ പേരുകൾ,
ശ്രദ്ധേയമായി കാണുന്ന ചലനങ്ങൾ ,... എന്നിവയും കുറിക്കാം.
പരിചയമില്ലാത്ത പക്ഷിയെയാണ് കാണുന്നതെങ്കിൽ പക്ഷിയുടെ വലിപ്പം, അറിയാവുന്ന പക്ഷിയുമായി താരതമ്യപ്പെടുത്തി (കാക്കയോളം വലിപ്പം, മൈനയേക്കാൾ ചെറുത് എന്നിങ്ങനെ)എഴുതണം.
ആകൃതി, നിറങ്ങൾ, ശബ്ദം. (പക്ഷിയുടെ ശബ്ദം വിവരിക്കുക പ്രയാസമാണ് എങ്കിലും ചിക്ക്, ചിക്ക്, സ്വീ എന്നൊക്കെ കുറിച്ചെടുക്കണം) എന്നിവയും രേഖപ്പെടുത്തണം.
ശബ്ദം കേട്ടുമാത്രം പക്ഷികളെ തിരിച്ചറിയുന്നത് ശരിയാവണമെന്നില്ല. മണ്ണാത്തിപ്പുള്ളും ആനറാഞ്ചിയുമെല്ലാം മറ്റു പക്ഷികളുടെ ശബ്ദം അനുകരിക്കുക പതിവാണ്. കുറിച്ചെടുക്കുന്ന വിവരങ്ങൾ കൃത്യമായാൽ നല്ലൊരു പക്ഷികളെക്കുറിച്ചുള്ള പുസ്തകത്തിന്റെയോ ഇന്റർനെറ്റിന്റെയോ സഹായത്തോടെ പക്ഷികളെ എളുപ്പത്തിൽ കണ്ടെത്താം. പക്ഷിനിരീക്ഷകരുടെ സേവനവും ഉപയോഗിക്കാം.

കിളികളെ പരിചയപ്പെടുക ഇഷ്ടപ്പെടുക. അവർ ചിറകുള്ള കൊച്ചു ദേവതകളാണ്.
- സുഗതകുമാരി

**പ്രവർത്തന കാർഡ് 10 എ**

| |
|---|
| നിങ്ങളുടെ ചുറ്റുപാടുമുള്ള ഇഷ്ടപ്പെട്ട ഒരു പക്ഷിയെ നിരീക്ഷിച്ച് കുറിപ്പ് തയാറാക്കുക. |

വ്യക്തിഗത രചന

ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

അക്ഷര പദാകൃതലങ്ങളിലെ പിശകുകൾ തിരുത്തുന്നു.

രചന മെച്ചപ്പെടുത്തുന്നു.

വരച്ച ചിത്രങ്ങള കൂട്ടിച്ചേർത്ത് പതിപ്പ് തയാറാക്കുന്നു.

**************************